പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി

## (2019–2021)

## അഞ്ചാമത് റിപ്പോർട്ട്

(2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്)

692/2019.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | ആമുഖം | .. | vii |
| 3. | റിപ്പോർട്ട് | .. | 1 |
| 4. | അനുബന്ധം 1-8 | .. | 5-22 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി
# (2019-2021)

## സമിതിയുടെ ഘടന

**ചെയർമാൻ :**

ശ്രീ. എ. പ്രദീപ്കുമാർ.

**അംഗങ്ങൾ :**

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ആർ. കിഷോർ കുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, മൂവാറ്റുപുഴ ഗ്രേഡ് എസ്. ഐ. ശ്രീ. പി. ടി. വർക്കി തന്നോട് അപമര്യാദയായി പെരുമാറി എന്നാരോപിച്ചുകൊണ്ട് ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. ബഹു. സ്പീക്കർക്ക് നൽകിയ പരാതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. എൽദോ എബ്രഹാം നൽകിയ പരാതിയിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ ബഹു. സ്പീക്കർ പരിഗണിക്കുകയും ടി റിപ്പോർട്ടുകൾ തൃപ്തികരമല്ലാത്തതിനാൽ ടി വിഷയം പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 22-8-2018-ന് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് (2016-2019) റഫർ ചെയ്യുകയും ചെയ്തു. 19-9-2018-ന് ചേർന്ന സമിതിയോഗം ശ്രീ. എൽദോ എബ്രഹാം എം.എൽ.എ.-യുടെ പരാതിയും ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകളും വിശദമായി പരിശോധിച്ചു. 2018 ഒക്ടോബർ 4 - ാം തീയതിയിലെ യോഗത്തിൽ പരാതിക്കാരനായ ശ്രീ. എൽദോ എബ്രഹാം എം.എൽ.എ.-യിൽ നിന്നും 2018 ഡിസംബർ 10-ാം തീയതിയിലെ യോഗത്തിൽ ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കിയിൽ നിന്നും നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതി യോഗങ്ങളിലെ ചർച്ചകളുടേയും തെളിവെടുപ്പുകളുടേയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനവും സമിതിയുടെ ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ യോഗനടപടിക്കുറിപ്പുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

2019 ജൂൺ 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. പ്രദീപ്കുമാർ,

*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 ജൂലൈ 2.

# റിപ്പോർട്ട്

ഒരു കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫോണിൽ വിളിച്ച് അന്വേഷിച്ചപ്പോൾ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കി തന്നോട് അപമര്യാദയായി സംസാരിച്ചു എന്നും ടി ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എൽദോ എബ്രഹാം എം.എൽ.എ. 1-10-2017-ന് ബഹു. സ്പീക്കർക്ക് ഒരു പരാതി സമർപ്പിച്ചിരുന്നു. (അനുബന്ധം-1) പ്രസ്തുത പരാതിയിന്മേൽ അടിയന്തരമായി റിപ്പോർട്ട് നൽകാൻ ബഹു. സ്പീക്കർ നിർദ്ദേശിച്ചതനുസരിച്ച് 7-2-2018-ൽ ആഭ്യന്തര വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. എൽദോ എബ്രഹാമിന്റെ പരാതിയിൽ പറയുന്ന കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായി അറിയിക്കുകയുണ്ടായി. (അനുബന്ധം-2) പ്രസ്തുത റിപ്പോർട്ട് വിവരം ബഹു. അംഗത്തെ അറിയിച്ചപ്പോൾ ആരോപണവിധേയനെ സംരക്ഷിച്ചുകൊണ്ടുള്ളതും വാസ്തവ വിരുദ്ധവുമാണ് ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ടെന്നും കുറ്റക്കാരനെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 22-3-2018-ൽ അദ്ദേഹം മറുപടി നൽകി. (അനുബന്ധം-3) ശ്രീ. എൽദോ എബ്രഹാം തന്റെ പരാതിയിൽ ഉറച്ചുനിൽക്കുന്ന കാര്യം ആഭ്യന്തര വകുപ്പിനെ അറിയിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടാനും ബഹു. സ്പീക്കർ നിർദ്ദേശിച്ചതനുസരിച്ച് അക്കാര്യം ആഭ്യന്തര വകുപ്പ് സെക്രട്ടറിയെ അറിയിച്ചതിനെത്തുടർന്ന് 23-7-2018-ൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ, വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിൽ ഗ്രേഡ് എസ്. ഐ. ശ്രീ. പി. ടി. വർക്കിയുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായതായി വെളിവായിട്ടില്ലാത്തതിനാൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലായെന്ന് ആഭ്യന്തര വകുപ്പ് അറിയിച്ചു. (അനുബന്ധം-4) പ്രസ്തുത റിപ്പോർട്ട് ബഹു. സ്പീക്കർ പരിഗണിക്കുകയും ആഭ്യന്തര വകുപ്പിന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത വിഷയം പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 22-8-2018-ന് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുകയും ചെയ്തു. (അനുബന്ധം-5)

സമിതി 19-9-2018-ൽ ശ്രീ. എൽദോ എബ്രഹാമിന്റെ പരാതികളും അതിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകളും പരിശോധിക്കുകയും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനായി ശ്രീ. എൽദോ എബ്രഹാം എം. എൽ. എ.-യിൽ നിന്നും തെളിവെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. (അനുബന്ധം-6) ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. 4-10-2018-ന് സമിതിമുമ്പാകെ ഹാജരാകുകയും പരാതിക്ക് ആസ്പദമായ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. (അനുബന്ധം-7) 2017 ഒക്ടോബർ 1-ാം തീയതി വൈകുന്നേരം 4.30 മണിയോടുകൂടി പായിപ്ര വഴി യാത്ര ചെയ്യുമ്പോൾ എസ്റ്റേറ്റുപടി എന്ന സ്ഥലത്തുവച്ച് ഓട്ടോറിക്ഷയിൽ സഞ്ചരിക്കുകയായിരുന്ന മൂന്ന് പേരെ പോലീസ് പരിശോധനയ്ക്കിടെ പിടിച്ചുനിർത്തിയിരിക്കുന്നത് കണ്ടപ്പോൾ

അവരെ പരിചയമുള്ളതുകൊണ്ട് കാരണം എന്തെന്ന് ഞാൻ അന്വേഷിച്ചു. മദ്യപിച്ച് വാഹനം ഓടിച്ചതിനാണ് അവരെ പിടിച്ചുനിർത്തിയത് എന്ന് പോലീസ് അറിയിച്ചതിനെ തുടർന്ന് കേസെടുക്കാതെ അവരെ വിട്ടയക്കാൻ സാധിക്കുമോ എന്ന് ചോദിച്ചപ്പോൾ എസ്.ഐ., ഗ്രേഡ് എസ്.ഐ. എന്നിവരാണ് കേസ് കൈകാര്യം ചെയ്യുന്നതെന്ന് പോലീസ് അറിയിച്ചതിനാൽ യാത്ര തുടരവെ താൻ ഈ വിഷയം സംബന്ധിച്ച് ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കിയെ ഫോണിൽ വിളിച്ച് സംസാരിച്ചപ്പോൾ വളരെ മോശമായ പ്രതികരണമാണ് ആ ഉദ്യോഗസ്ഥനിൽ നിന്ന് ഉണ്ടായതെന്ന് അദ്ദേഹം സമിതിയെ അറിയിച്ചു. നേരിൽ കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഫോൺ കട്ട് ചെയ്യുകയും തുടർന്ന് വിളിച്ചപ്പോൾ ഫോൺ എടുക്കാതിരിക്കുകയും ചെയ്തതിനെ തുടർന്ന് നേരിട്ട് സ്റ്റേഷനിൽ ചെന്നപ്പോൾ ഗ്രേഡ് എസ്.ഐ. അവിടെ ഇല്ലായിരുന്നുവെന്നും ടിയാനെ കണ്ടതിന് ശേഷമേ സ്റ്റേഷൻ വിട്ടുപോകൂ എന്ന നിലപാട് സ്വീകരിച്ച് താൻ അവിടെ ഇരുന്നപ്പോൾ ഈ വിവരം അറിഞ്ഞ് കുറച്ച് പാർട്ടി പ്രവർത്തകർ സ്റ്റേഷനിൽ എത്തിയെന്നും താൻ ഇടപെട്ട് പ്രവർത്തകരെ നിയന്ത്രിച്ചുവെന്നും ജില്ലാ പോലീസ് മേധാവിയുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ ഒരാഴ്ചയ്ക്കകം പരിഹാരം ഉണ്ടാകുമെന്ന് ഉറപ്പുനൽകിയതിനെ തുടർന്ന് എല്ലാവരും അവിടെ നിന്ന് പിരിഞ്ഞ് പോയെന്നും അദ്ദേഹം അറിയിച്ചു. തന്നോട് സംസാരിച്ച രീതിയനുസരിച്ച് ഗ്രേഡ് എസ്.ഐ. മദ്യപിച്ചിരുന്നുവെന്നാണ് ന്യായമായി കരുതുന്നതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. എന്നാൽ യാതൊരു നടപടിയും ജില്ലാ പോലീസ് മേധാവി സ്വീകരിച്ചില്ലെന്നും ബഹു. സ്പീക്കർക്ക് നൽകിയ പരാതിയിന്മേൽ നാലര മാസം കഴിഞ്ഞാണ് ആഭ്യന്തര വകുപ്പിൽ നിന്ന് ഒരു മറുപടി ലഭിച്ചതെന്നും യാദൃശ്ചികമായി ഒരു വിഷയത്തിൽ ഇടപെട്ട തനിക്ക് ഈ ഉദ്യോഗസ്ഥന്റെ പെരുമാറ്റം വളരെ വേദനയുണ്ടാക്കിയെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ശ്രീ. എൽദോ എബ്രഹാമിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയനായ ഗ്രേഡ് എസ്.ഐ.-യിൽ നിന്നും തെളിവെടുക്കുവാൻ സമിതി തീരുമാനിച്ചു.

10-12-2018-ന് സമിതി ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കിയിൽ നിന്നും തെളിവെടുപ്പ് നടത്തി. (അനുബന്ധം-8) 1-10-2017-ന് ഉച്ചയ്ക്ക് ഒരു കേസ് അന്വേഷിക്കുന്നതിന്റെ ഭാഗമായി പോയിരുന്ന സമയത്ത് മൂവാറ്റുപുഴ എം.എൽ.എ. അന്നേദിവസം സ്റ്റേഷൻ ചാർജ് ഉണ്ടായിരുന്ന തന്നെ ഫോണിൽ വിളിക്കുകയും തന്റെ ഒരു പാർട്ടി പ്രവർത്തകനെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെന്നും അയാളെ വിട്ടയക്കുവാൻ നിർദ്ദേശം നൽകണം എന്നും ആവശ്യപ്പെട്ടപ്പോൾ അന്വേഷിച്ചിട്ട് പറയാം എന്ന് പറഞ്ഞ തന്നോട് എം.എൽ.എ. ആണ് മോശമായി സംസാരിച്ചതെന്നും അദ്ദേഹത്തെ അപമാനിക്കുന്ന തരത്തിൽ യാതൊന്നും പറഞ്ഞിട്ടില്ലെന്നും ശ്രീ. പി. ടി. വർക്കി സമിതി മുമ്പാകെ മൊഴി നൽകി. ഒരു ജനപ്രതിനിധിയോടും താൻ ഇതുവരെ മോശമായി പെരുമാറിയ സംഭവം ഉണ്ടായിട്ടില്ലായെന്നും ബഹു. എം.എൽ.എ.

സ്റ്റേഷനിൽ നേരിട്ട് വന്നപ്പോൾ സി.ഐ.-യുടെ നിർദ്ദേശപ്രകാരമാണ് അവിടെ നിന്ന് മാറി നിന്നതെന്നും ഡ്യൂട്ടി സമയത്ത് താൻ മദ്യപിക്കാറില്ലായെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. മദ്യപിച്ച് വാഹനം ഓടിച്ചതിന് കസ്റ്റഡിയിലെടുത്ത ആളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയോ എന്നും കേസ് രജിസ്റ്റർ ചെയ്ത് എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ ശ്രീ. പി. ടി. വർക്കിക്ക് കഴിഞ്ഞില്ല. വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ഉണ്ടായതെന്നും ആയതിനാൽ നിർവ്യാജം സമിതി മുമ്പാകെ ക്ഷമ ചോദിക്കുന്നുവെന്നും ശ്രീ. പി. ടി. വർക്കി ബോധിപ്പിച്ചു.

## സമിതിയുടെ നിഗമനം

പരാതിക്കാസ്പദമായ സംഭവം നടന്ന ദിവസം സ്റ്റേഷൻ ചാർജ് ഉണ്ടായിരുന്ന ഗ്രേഡ് എസ്.ഐ.-യ്ക്ക് പോലീസ് കസ്റ്റഡിയിലെടുത്തയാളിനെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയോ എന്നും കേസ് സംബന്ധിച്ച കാര്യങ്ങളെ സംബന്ധിച്ചും അറിയില്ലെന്ന് സമിതി മുമ്പാകെ പറഞ്ഞത് നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. എം. എൽ. എ.-യോട് അപമര്യാദയായി സംസാരിച്ചത് പരാതിയാകുമെന്ന് മനസ്സിലാക്കിയാണ് ഒരു മദ്യപാനിയുടെ വിഷയത്തിൽ എം.എൽ.എ. ഇടപെട്ട് പ്രശ്നം ഉണ്ടാക്കിയെന്ന തരത്തിൽ പോലീസ് റിപ്പോർട്ട് സൃഷ്ടിച്ചതെന്ന് സമിതി അഭിപ്രായപ്പെട്ടു. പാർലമെന്റംഗങ്ങളോടും നിയമസഭാ സാമാജികരോടും സർക്കാർ ജീവനക്കാർ ഇടപെടുമ്പോൾ പ്രകടിപ്പിക്കേണ്ട ആദരവ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാമാജികരോട് എപ്പോഴും വളരെ മാന്യമായ രീതിയിൽ പെരുമാറണമെന്നും അവർ അന്വേഷിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള മറുപടി വളരെ വിനയത്തോടും ആദരവോടും കൂടി പറയണമെന്നുമുള്ള നിർദ്ദേശങ്ങൾക്ക് യാതൊരു വിലയും കൊടുക്കാതെ ചില പോലീസ് ഉദ്യോഗസ്ഥർ പെരുമാറുന്നുവെന്ന പരാതികൾ നിരന്തരമായി ഉണ്ടാകുന്നുണ്ട്. സാമാജികരോട് പോലീസ് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറുന്നത് സംബന്ധിച്ച പരാതികൾക്ക് അർഹിക്കുന്ന പരിഗണന നൽകി സാമാജികരുടെ ഭാഗം കൂടി കേട്ട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനു പകരം പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗം ന്യായീകരിച്ചുകൊണ്ട്, അന്വേഷണത്തിന് ചുമതലപ്പെട്ടവർ നൽകുന്ന സ്റ്റീരിയോ ടൈപ്പ് മറുപടികളാണ് പലപ്പോഴും ലഭിക്കുന്നതെന്ന് സമിതി വിലയിരുത്തി. എന്നിരുന്നാലും പരാതിക്കാസ്പദമായ സംഭവം വളരെ ദൗർഭാഗ്യകരമായിപ്പോയെന്നും അതിൽ നിർവ്യാജം ക്ഷമ ചോദിക്കുന്നുവെന്നും സമിതി മുമ്പാകെ ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കി മൊഴി നൽകിയതിനാൽ ഈ വിഷയത്തിൽ തുടർനടപടികൾ വേണ്ടെന്ന് സമിതി തീരുമാനിച്ചു.

## സമിതിയുടെ ശിപാർശ

സാമാജികരോട് പോലീസ് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച പരാതികൾക്ക് അർഹിക്കുന്ന പരിഗണന നൽകി സാമാജികരുടെ ഭാഗം കൂടി കേട്ട് വിശദമായ അന്വേഷണം നടത്തി പരമാവധി മൂന്നുമാസത്തിനുള്ളിൽ മറുപടി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ജനപ്രതിനിധികളോട് അങ്ങേയറ്റം ബഹുമാനത്തോടെ പെരുമാറുന്നയാളാണ് താനെന്നും പരാതിക്കാസ്പദമായ ദൗർഭാഗ്യകരമായ സംഭവത്തിന്റെ പേരിൽ താൻ നിർവ്യാജം മാപ്പ് അപേക്ഷിക്കുന്നുവെന്നും സമിതി മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കിക്കെതിരെ ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. നൽകിയ പരാതിയിന്മേൽ തുടർനടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2019 ജൂൺ 20.

എ. പ്രദീപ്കുമാർ,
*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ്*
*എന്നിവ സംബന്ധിച്ച സമിതി.*

## അനുബന്ധം 1

From

എൽദോ എബ്രഹാം എം. എൽ. എ.,
മൂവാറ്റുപുഴ.

To

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ബഹു. സ്പീക്കർ
കേരള നിയമസഭ.

വിഷയം:—പോലീസ് ഉദ്യോഗസ്ഥൻ അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച്

സർ,

മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ.-യും ഇന്ന് സ്റ്റേഷൻ ചാർജുള്ള ആളുമായ ശ്രീ. പി. ടി. വർക്കിയെ ഒരു കേസുമായി ബന്ധപ്പെട്ടു അന്വേഷിക്കുന്നതിനുവേണ്ടി ഫോണിൽ വിളിച്ചപ്പോൾ എം.എൽ.എ. ആണെന്നു പറയുകയും കേസിനെ കുറിച്ചു സംസാരിക്കുന്നതിന് മുന്നേ തന്നെ ആരായാൽ എനിക്ക് എന്താണ്, എം.എൽ.എ. ആയാൽ കൈയിൽ വച്ചാൽ മതി എന്നു ആക്രോശിക്കുകയും ഫോൺ കട്ട് ചെയ്യുകയും ചെയ്തു. വീണ്ടും ഞാൻ മൂന്നു നാലു പ്രാവശ്യം വിളിച്ചിട്ടും ഫോൺ എടുക്കാത്തതിനാൽ എന്റെ ഡ്രൈവറുടെ ഫോണിൽ നിന്നും വിളിച്ചപ്പോൾ ഫോൺ എടുക്കുകയും മുമ്പ് പറഞ്ഞതു ആവർത്തിക്കുകയും നിന്നോട് അല്ലെടാ പറഞ്ഞതു എന്നു പറഞ്ഞു വീണ്ടും ഫോൺ കട്ട് ചെയ്യുകയും ചെയ്തു. തുടർന്ന് മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ സ്റ്റേഷനിൽ നിന്നും അറിയാൻ കഴിഞ്ഞത് ഈ പോലീസുകാരൻ മദ്യപിച്ചിട്ടുണ്ടെന്നാണ്. ടി പോലീസ് ഉദ്യോഗസ്ഥനോട് പോലീസ് സ്റ്റേഷനിൽ വരണം എന്നു ആവശ്യപ്പെട്ടിട്ടും മദ്യപിച്ചിട്ടുള്ളത് കൊണ്ട് ആയിരിക്കാം വന്നില്ല. ഈ ഉദ്യോഗസ്ഥനെ കുറിച്ചു അന്വേഷിച്ചപ്പോൾ മുമ്പും ഉദ്യോഗസ്ഥൻ പൊതുപ്രവർത്തകരോട് അപമര്യാദയായി പെരുമാറിയത് ആയി അറിയാൻ കഴിഞ്ഞു. ആയതിനാൽ എനിക്ക് ഉണ്ടായിട്ടുള്ള അപമാനത്തിനു അടിയന്തിര പരിഹാരം ഉണ്ടാകണം എന്നും ടി ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കണം എന്നും താൽപര്യപ്പെടുന്നു.

സ്നേഹപൂർവ്വം

എൽദോ എബ്രഹാം എം. എൽ. എ.,
മൂവാറ്റുപുഴ.

അനുബന്ധം 2

നമ്പർ ആഭ്യന്തര–ജെ3/545/2017–ആഭ്യന്തരം

ആഭ്യന്തര (ജെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 7–2–2018.

അഡീഷണൽ ചീഫ് സെക്രട്ടറി.

സെക്രട്ടറി,
കേരള നിയമസഭ.

സർ,

വിഷയം:—ആഭ്യന്തര വകുപ്പ്–മൂവാറ്റുപുഴ എസ്.ഐ. ശ്രീ. പി. ടി. വർക്കിക്കെതിരെ ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.യുടെ പരാതി–റിപ്പോർട്ട് അയയ്ക്കുന്നത്–സംബന്ധിച്ച്.

സൂചന:—താങ്കളുടെ 8-11-2017 തീയതിയിലെ 4833/ടേബിൾ–2/2017/നിസെ. നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രഹാം ബഹു. കേരള നിയമസഭാ സ്പീക്കർ മുമ്പാകെ സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
സുധ. ബി.,
*അണ്ടർ സെക്രട്ടറി,*
*അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.*

## ബഹു. മൂവാറ്റുപുഴ എം. എൽ. എ. ശ്രീ. എൽദോ എബ്രഹാം ബഹു. കേരള നിയമസഭാ സ്പീക്കർ മുമ്പാകെ സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്

ബഹു. മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രഹാം ബഹു. കേരള നിയമസഭാ സ്പീക്കർ മുമ്പാകെ ഒരു പരാതി സമർപ്പിച്ചിരുന്നു. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ ഒരു കേസുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ എസ്.ഐ. ശ്രീ. പി. ടി. വർക്കിയെ ഫോണിൽ വിളിക്കുകയും എം.എൽ.എ. ആണെന്ന് പറയുകയും കേസിനെക്കുറിച്ച് സംസാരിക്കുന്നതിനുമുമ്പ് തന്നെ എതിർകക്ഷി ആക്രോശിച്ചുകൊണ്ടു ഫോൺ കട്ട് ചെയ്തുവെന്നും, വീണ്ടും പല പ്രാവശ്യം വിളിച്ചിട്ടും ഫോൺ എടുത്തില്ലെന്നും തുടർന്ന് സ്റ്റേഷനിൽ എത്തിയപ്പോൾ എതിർകക്ഷി മദ്യപിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞുവെന്നും, ആയതിനാൽ എതിർകക്ഷിയെ മാതൃകാപരമായി ശിക്ഷിക്കണമെന്നും മറ്റുമായിരുന്നു പരാതിയിലെ ആവശ്യം.

പരാതിയിൽ അന്വേഷണം നടത്തിയതിൽ സംസ്ഥാന പോലീസ് മേധാവി താഴെ കൊടുത്തിരിക്കുന്ന പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

1-10-2017 തീയതി മൂവാറ്റുപുഴ സ്റ്റേഷനിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന SCPO 9255 എഡിസൻ, SCPO 9323 സന്തോഷ് എന്നിവർ പട്രോളിംഗ് നടത്തി വരവേ പ്രായിപ്ര ഭാഗത്ത് വച്ച് നൈനാൻ മുഹമ്മദ് എന്നയാൾ മദ്യപിച്ചു KL 17 G 3164 നമ്പർ ഓട്ടോറിക്ഷ ഓടിച്ചു വരുന്നത് കണ്ട് ടിയാനെ തടഞ്ഞു നിർത്തി പേരും, വിലാസവും എഴുതിയെടുക്കുന്ന സമയം ബഹു. മൂവാറ്റുപുഴ എം.എൽ.എ. ആയ പരാതികക്ഷി റോഡിലൂടെ കടന്നു പോവുകയും ടി സമയം നൈനാൻ മുഹമ്മദ് എം.എൽ.എ.യെ കൈകാണിച്ചു നിർത്തിച്ച് പോലീസ് പിടിച്ച വിവരം പറയുകയും, എം.എൽ.എ. പോലീസ് ഉദ്യോഗസ്ഥരോട് ഒഴിവാക്കിക്കൊടുക്കുന്നതിന് ആവശ്യപ്പെടുകയും എസ്.ഐ.-യോട് പറഞ്ഞ് ഒഴിവാക്കിക്കോളൂ എന്ന് പോലീസ് ഉദ്യോഗസ്ഥർ പറയുകയും, ടി നൈനാൻ മുഹമ്മദിനെ ഓട്ടോറിക്ഷ സഹിതം പോലീസ് ഉദ്യോഗസ്ഥർ സ്റ്റേഷനിലേക്ക് കൊണ്ടുപോവുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് ശ്രീ. എൽദോ എബ്രഹാം എം.എൽ.എ. അന്നേദിവസം സ്റ്റേഷൻ ചാർജ്ജ് വഹിച്ചിരുന്ന എ.എസ്.ഐ. ശ്രീ. വർക്കിയെ ഫോണിൽ വിളിച്ച് ടി കേസ് ഒഴിവാക്കികൊടുക്കുന്ന കാര്യം സംസാരിക്കുകയും, തുടർന്ന് പരാതികക്ഷി 12-ഓളം സി.പി.ഐ. പ്രവർത്തകർ ഒന്നിച്ച് സ്റ്റേഷനിൽ വരികയും ബഹളമുണ്ടാക്കുകയും പോലീസിന്റെ ഡ്യൂട്ടിക്ക് തടസ്സമുണ്ടാക്കുകയും ചെയ്തിട്ടുള്ളതും തുടർന്ന് എതിർ കക്ഷിയോട് സ്റ്റേഷനിൽ വരണമെന്ന് എം.എൽ.എ. ആവശ്യപ്പെടുകയും എന്നാൽ സ്റ്റേഷനിൽ സംഘർഷാന്തരീക്ഷം ഉണ്ടാകും എന്നതിനാൽ സി.ഐ.യുടേയും ഡി.വൈ.എസ്.പി.യുടേയും നിർദ്ദേശാനുസരണം

എതിർകക്ഷി സ്റ്റേഷനിലേയ്ക്ക് പോയിട്ടില്ലാത്തതുമാണ്. പരാതിയിൽ ഉന്നയിക്കും പോലെ എതിർകക്ഷി മദ്യപിച്ചിരുന്നില്ലായെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. പോലീസ് സ്റ്റേഷനിൽ കയറി പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടിക്ക് തടസ്സം വരുത്തിയ കാര്യത്തിന് സി.പി.ഐ. പ്രവർത്തകരായ 12 പേരുടെ പേരിൽ ക്രൈം 3737/17 u/s. 143, 147, 148 r/w 149 IPC, 117(e) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ബഹു. മൂവാറ്റുപുഴ JFCM കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും, പരാതികക്ഷിയായ ബഹു. എം.എൽ.എ. ശ്രീ. എൽദോ എബ്രഹാമിനെ ടി കേസിൽ പ്രതി ആക്കിയിട്ടില്ലാത്തതുമാണ്. പരാതിയിൽ പറയുന്ന കാര്യങ്ങൾ വാസ്തവവിരുദ്ധമാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ വിവരങ്ങൾ ബഹു.കേരള നിയമസഭ സ്പീക്കറുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

(ഒപ്പ്)
ആർ. ഷീലാറാണി,
*അഡീഷണൽ സെക്രട്ടറി ടു ഗവണ്മെന്റ്*
*ഹോം ഡിപ്പാർട്ട്മെന്റ്,*
*ഗവൺമെന്റ് സെക്രട്ടേറിയറ്റ്.*

## അനുബന്ധം 3

സെക്രട്ടറി,
കേരള നിയമസഭ.

തിരുവനന്തപുരം,
22-3-2018.

സർ,

വിഷയം:—മൂവാറ്റുപുഴ എസ്. ഐ. ശ്രീ. പി. ടി. വർക്കി അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച്

സൂചന:—താങ്കളുടെ 27-2-2018-ലെ 4833/ടേബിൾ2/2017 നമ്പർ കത്ത്.

മൂവാറ്റുപുഴ എം. എൽ. എ. ആയ ഞാൻ 1-10-2017-ൽ ബഹു. സ്പീക്കർക്ക് നൽകിയ പരാതി നാലരമാസം കഴിഞ്ഞ് 27-2-2018-ൽ നൽകുന്ന മറുപടിയാണോ ഒരു സാമാജികനു ലഭിച്ച നീതി.

2017 ഒക്ടോബർ മാസം 1-ാം തീയതി വൈകിട്ട് 5 മണിക്ക് മൂവാറ്റുപുഴ ഗ്രേഡ് എസ്. ഐ. പി. ടി. വർക്കിയെ ഫോണിൽ വിളിച്ചപ്പോൾ സംസാരത്തിനിടയിൽ എന്നോട് കയർക്കുകയും 'എം. എൽ. എ. ആണെങ്കിൽ കയ്യിൽവച്ചാൽ മതി' എന്നു പറയുകയുണ്ടായി. ഒരു എം.എൽ.എ.യോട് ടെലിഫോണിൽ ഇങ്ങനെ സംസാരിക്കുകയും ബോധപൂർവ്വം അപമാനിക്കുകയും ചെയ്തതിൽ നിന്ന് അദ്ദേഹം മദ്യപിച്ചിരുന്നതായി സ്വാഭാവികമായും മനസ്സിലാക്കാം. ടി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്താണ് ഞാൻ ബഹു. സ്പീക്കർക്ക് പരാതി നൽകിയത്. ഞാൻ നൽകിയ പരാതി സത്യസന്ധമാണെന്നിരിക്കെ ആയതു സംബന്ധിച്ച് എനിക്ക് നൽകിയ മറുപടിയിൽ എസ്.ഐ. മദ്യപിച്ചിരുന്നില്ല എന്ന് കണ്ടെത്തിയത് ഏത് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയേണ്ടതുണ്ട്.

അപമര്യാദയായി പെരുമാറുന്ന മൂവാറ്റുപുഴ എസ്. ഐ. പി. ടി. വർക്കിയെ സംരക്ഷിച്ചുകൊണ്ടുള്ള വാസ്തവവിരുദ്ധമായ അന്വേഷണ റിപ്പോർട്ടിൽ എനിക്ക് വിയോജിപ്പുണ്ട്. ടി വിഷയത്തിൽ കുറ്റക്കാരനായ എസ്. ഐ.ക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നു.

സ്നേഹപൂർവ്വം,

(ഒപ്പ്)

എൽദോ എബ്രഹാം,
എം.എൽ.എ.

## അനുബന്ധം 4

നമ്പർ ആഭ്യന്തര-ജെ3/545/2017-ആഭ്യന്തരം

ആഭ്യന്തര(ജെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി:23-7-2018.

അഡീഷണൽ ചീഫ് സെക്രട്ടറി.

സെക്രട്ടറി,
കേരള നിയമസഭ.

സർ,

വിഷയം:— ആഭ്യന്തര വകുപ്പ്-ബഹു.മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രഹാം ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന് സമർപ്പിച്ച പ്രതികരണ ഹർജിയിന്മേലുള്ള റിപ്പോർട്ട്-അയയ്ക്കുന്നത്-സംബന്ധിച്ച്:

സൂചന:— (1) 7-2-2018 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്:

(2) താങ്കളുടെ 28-3-2018, 13-6-2018 തീയതികളിലെ 4833/ടേബിൾ-2/2017/ നി.സെ. നമ്പർ കത്ത്:

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രഹാം ബഹു. കേരള നിയമസഭാ സ്പീക്കർ മുമ്പാകെ സമർപ്പിച്ച പ്രതികരണ ഹർജിയിന്മേലുള്ള റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
സുധ ബി.,
*അണ്ടർ സെക്രട്ടറി,*
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.

## ബഹു. മൂവാറ്റുപുഴ എം.എൽ.എ ശ്രീ.എൽദോ എബ്രഹാം ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനു സമർപ്പിച്ച പ്രതികരണ ഹർജിയിന്മേലുള്ള റിപ്പോർട്ട്

മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലെ എസ്.ഐ. ശ്രീ. പി. ടി. വർക്കി തന്നോട് അപമര്യാദയായി സംസാരിച്ചുവെന്ന് ആരോപിച്ചുകൊണ്ട് ബഹു. മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രഹാം ബഹു. കേരള നിയമസഭാ സ്പീക്കർ മുമ്പാകെ ഒരു പരാതി സമർപ്പിച്ചിരുന്നു. ബഹു. എം.എൽ.എ. ഒരു കേസുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ എസ്.ഐ. ശ്രീ. പി. ടി. വർക്കിയെ ഫോണിൽ വിളിക്കുകയും എൽ.എൽ.എ. ആണെന്ന് പറയുകയും കേസിനെക്കുറിച്ച് സംസാരിക്കുന്നതിനുമുമ്പ് തന്നെ എതിർ കക്ഷി ആക്രോശിച്ചുകൊണ്ട് ഫോൺ കട്ട് ചെയ്തുവെന്നും, വീണ്ടും പല പ്രാവശ്യം വിളിച്ചിട്ടും ഫോൺ എടുത്തില്ലെന്നും തുടർന്ന് മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ എതിർകക്ഷി മദ്യപിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞുവെന്നും ആയതിനാൽ എതിർകക്ഷിയെ മാതൃകാപരമായി ശിക്ഷിക്കണമെന്നും മറ്റുമായിരുന്നു പരാതിയിൽ ആവശ്യപ്പെട്ടിരുന്നത്.

പരാതിയിന്മേൽ 7-2-2018 തീയതിയിൽ ആഭ്യന്തര വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ടി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടും മൂവാറ്റുപുഴ ഗ്രേഡ് എസ്.ഐ. പി. ടി. വർക്കിയെ ഫോണിൽ വിളിച്ചപ്പോൾ അപമര്യാദയായി സംസാരിക്കുകയും ബോധപൂർവ്വം അപമാനിക്കുകയും ചെയ്തുവെന്നും എസ്. ഐ. മദ്യപിച്ചിരുന്നെന്നും ടിയാളെ സംരക്ഷിച്ചുകൊണ്ടുള്ള അന്വേഷണ റിപ്പോർട്ട് വാസ്തവവിരുദ്ധമാണെന്നും ആയതിനാൽ കുറ്റക്കാരനായ എസ്.ഐ.-ക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ. 22-3-2018 തീയതിയിൽ സമർപ്പിച്ച പ്രതികരണ ഹർജിയിന്മേൽ ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

എതിർ കക്ഷി മദ്യപിച്ചിട്ടില്ലായിരുന്നുവെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായി പരാതിയെപ്പറ്റി അന്വേഷണം നടത്തി എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നുവെന്നും എറണാകുളം റൂറൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. സമർപ്പിച്ച അന്വേഷണ നിഗമനങ്ങളെപ്പറ്റി വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയതിൽ ടി ഡിവൈ.എസ്.പി.യുടെ അന്വേഷണ റിപ്പോർട്ടിൽ പറയുന്ന വസ്തുതകൾ ശരിയാണെന്ന് ബോദ്ധ്യം വന്നിട്ടുള്ളതാണെന്നും

പരാതിയുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ നടത്തിയ രഹസ്യാന്വേഷണത്തിലും എറണാകുളം റൂറൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി.യുടെ അന്വേഷണ റിപ്പോർട്ടിൽ പറയുന്ന നിഗമനങ്ങൾ ശരിയാണെന്ന് ബോദ്ധ്യം വന്നിട്ടുള്ളതാണെന്നും ആയതിനാൽ ഗ്രേഡ് എസ്. ഐ. വർക്കിയുടെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടായതായി അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതിനാൽ ടി ഗ്രേഡ് എസ്.ഐ. വർക്കിയുടെ പേരിൽ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ആർ. ഷീലാറാണി,
അഡീഷണൽ സെക്രട്ടറി ടു ഗവൺമെന്റ്,
ഹോം ഡിപ്പാർട്ട്മെന്റ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്.

അനുബന്ധം 5

## പതിനാലാം കേരള നിയമസഭ

# ബുള്ളറ്റിൻ—ഭാഗം 2

2018 സെപ്റ്റംബർ 12

നമ്പർ : 531

### മൂവാറ്റുപുഴ ഗ്രേഡ് എസ്. ഐ. ശ്രീ. പി. ടി. വർക്കിക്കെതിരെ ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. നൽകിയ പരാതി- പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തത് സംബന്ധിച്ച്

മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്. ഐ. ശ്രീ. പി. ടി. വർക്കി തന്നോട് അപമര്യാദയായി സംസാരിച്ചുവെന്നും തന്നെ അപമാനിച്ചുവെന്നും ആരോപിച്ചുകൊണ്ട് ശ്രീ. എൽദോ എബ്രഹാം എം.എൽ.എ. ബഹു. സ്പീക്കർക്ക് നൽകിയ പരാതിയിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്ന് ലഭിച്ച വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ 22-8-2018-ന് റഫർ ചെയ്തിരിക്കുന്നു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

അനുബന്ധം 6

# പതിനാലാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2018 സെപ്റ്റംബർ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2018 സെപ്റ്റംബർ 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
3. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
4. ശ്രീ. വി. എസ്. ശിവകുമാർ, എം. എൽ. എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

സമിതി, ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ. ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകിയ പരാതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1. മൂവാറ്റുപുഴ ഗ്രേഡ് എസ്. ഐ. ശ്രീ. പി. ടി. വർക്കിക്കെതിരെ ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ. ബഹു. സ്പീക്കർക്ക് നൽകിയ പരാതി സംബന്ധിച്ച്.

(ഫയൽ നമ്പർ 4833/ടേബിൾ-2/2017/നി.സെ.)

ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ. ബഹു. സ്പീക്കർക്ക് നൽകിയ പരാതിയും അതിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും റിപ്പോർട്ട് വിവരം അറിയിച്ചതിനെത്തുടർന്ന് അതിന്മേൽ ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ. നൽകിയ കത്തും ആയതിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും സമിതി പരിശോധിച്ചു. അടുത്ത യോഗത്തിൽ ശ്രീ. എൽദോ എബ്രഹാം എം.എൽ.എ.-യിൽ നിന്ന് തെളിവെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 26-9-2018-ന് തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 3.15-ന് യോഗം അവസാനിച്ചു.

അനുബന്ധം 7

## പതിനാലാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2018 ഒക്ടോബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2018 ഒക്ടോബർ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹർജിക്കാരൻ:

1. ശ്രീ. എൽദോ എബ്രഹാം എം.എൽ.എ. മൂവാറ്റുപുഴ ഗ്രേഡ് എസ്. ഐ. ശ്രീ. പി. ടി. വർക്കിക്കെതിരെ ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. സമർപ്പിച്ച പരാതിയും ശ്രീ. പി. സി. ജോർജ് എം. എൽ. എ.ക്കെതിരെ വനിതാ കമ്മീഷൻ നൽകിയ പരാതിയും സമിതി പരിഗണനയ്ക്കെടുത്തു.

(1) മൂവാറ്റുപുഴ ഗ്രേഡ് എസ്. ഐ. ശ്രീ. പി. ടി. വർക്കിക്കെതിരെ ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. നൽകിയ പരാതി സംബന്ധിച്ച്.

(ഫയൽ നമ്പർ 4833/ടേബിൾ-2/2017/നി.സെ.)

ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. സമിതിക്ക് മുമ്പാകെ ഹാജരാകുകയും സത്യപ്രതിജ്ഞ ചെയ്ത് ഒപ്പുവയ്ക്കുകയും ചെയ്തു. പരാതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുന്നതിന് ശ്രീ. എൽദോ എബ്രഹാം എം. എൽ. എ.യോട് സമിതി നിർദ്ദേശിച്ചു. ആയതിൻപ്രകാരം ഹർജിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം

സമിതി മുൻപാകെ ബോധിപ്പിക്കുകയുണ്ടായി. 2017 ഒക്ടോബർ 1-ാം തീയതി വൈകുന്നേരം 4.30 മണിയോടടുത്ത് പായിപ്ര വഴി കടന്നുപോകുമ്പോൾ എസ്റ്റേറ്റുപടി എന്ന സ്ഥലത്ത് ഓട്ടോറിക്ഷയിൽ സഞ്ചരിക്കുകയായിരുന്ന തന്റെ പരിചയക്കാരായ മൂന്ന് പേരെ പോലീസുകാർ പിടിച്ചുനിർത്തിയിരിക്കുന്നത് കണ്ട് കാരണമന്വേഷിച്ചപ്പോൾ മദ്യപിച്ച് വാഹനം ഓടിച്ചതിനാണെന്ന് പോലീസ് അറിയിച്ചതിനെത്തുടർന്ന് അവരെ കേസെടുക്കാതെ വിട്ടയച്ചാൽ നന്നായിരിക്കുമെന്ന് അഭ്യർത്ഥിച്ചുവെന്നും തന്റെ കൺമുമ്പിൽ നടന്ന സംഭവമായതുകൊണ്ടും തനിക്ക് പരിചയമുള്ളവരായതു കൊണ്ടുമാണ് അത്തരത്തിൽ അഭ്യർത്ഥിച്ചതെന്നും അപ്പോൾ എസ്.ഐ., ഗ്രേഡ് എസ്.ഐ. എന്നിവരാണ് കേസ് കൈകാര്യം ചെയ്യുന്നതെന്നും തങ്ങൾക്ക് മറ്റൊന്നും ചെയ്യാൻ കഴിയില്ലെന്നും പോലീസുകാർ അറിയിച്ചെന്നും എങ്കിൽ ശരിയെന്നും പറഞ്ഞ് താൻ മൂവാറ്റുപുഴയ്ക്ക് തിരിച്ചെന്നും ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. സമിതിയെ അറിയിച്ചു. യാത്രയ്ക്കിടയിൽ ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കിയെ ഫോണിൽ വിളിച്ച് കസ്റ്റഡിയിൽ എടുത്തവരെ കേസെടുക്കാതെ വിട്ടയക്കാൻ സാധിക്കുമോ എന്ന് ചോദിച്ചെന്നും കേസ് ചാർജ് ചെയ്തുപോയതിനാൽ കഴിയില്ലെന്ന് അപ്പോൾ ടിയാൻ അറിയിച്ചുവെന്നും തന്റെ കൺമുൻപിൽ വച്ചുനടന്ന സംഭവം കഴിഞ്ഞിട്ട് രണ്ട്/മൂന്ന് മിനിട്ടുകൾ മാത്രമേ ആയുള്ളൂവെന്നും കഴിയുന്ന സഹായം ചെയ്യണമെന്നും താൻ അഭ്യർത്ഥിച്ചുവെന്നും അദ്ദേഹം വീണ്ടും പ്രയാസമാണെന്ന് അറിയിച്ചപ്പോൾ ഇത് വളരെ ഗുരുതരമായ കേസൊന്നും അല്ലെന്നും ന്യായമായും വിടാവുന്നതാണല്ലോയെന്നും താൻ പറഞ്ഞുവെന്നും ശ്രീ. എൽദോ എബ്രഹാം സമിതിമുമ്പാകെ പറഞ്ഞു. അപ്പോൾ ശ്രീ. പി. ടി. വർക്കി "എം. എൽ. എ. ആണെങ്കിൽ കയ്യിൽ വെച്ചാൽ മതി" എന്ന് തന്നോട് കയർത്ത് പറഞ്ഞുവെന്നും അത് തനിക്ക് വലിയ പ്രയാസമുണ്ടാക്കിയെന്നും അദ്ദേഹം തുടർന്നു. ശ്രീ. പി. ടി. വർക്കിയെ നേരിൽ കാണണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം ഫോൺ കട്ട് ചെയ്തുവെന്നും തുടർന്ന് തന്റെ ഡ്രൈവറുടെ ഫോണിലൂടെ താൻ സ്റ്റേഷനിലേക്ക് വരികയാണെന്നും അദ്ദേഹത്തോട് അവിടെ കാണണമെന്ന് അറിയിച്ചുവെന്നും എന്നാൽ അവിടെ ചെന്നപ്പോൾ ടിയാൻ അവിടെ ഇല്ലായിരുന്നുവെന്നും ടിയാനെ കണ്ടതിന് ശേഷമേ അവിടെനിന്ന് പോകൂ എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് താൻ സ്റ്റേഷനിൽ തന്നെ ഇരുന്നുവെന്നും ബഹു. അംഗം സമിതി മുമ്പാകെ ബോധിപ്പിച്ചു. ഇതിനിടയിൽ സംഭവമറിഞ്ഞ കുറച്ച് പാർട്ടി പ്രവർത്തകർ സ്റ്റേഷനിൽ വരികയും പോലീസുകാരുമായി ചെറിയ രീതിയിൽ വാക്കുതർക്കമുണ്ടായപ്പോൾ താൻ ഇടപെട്ട് പ്രവർത്തകരെ ശാന്തരാക്കുകയും ചെയ്തുവെന്നും അറിയിച്ചു. ഒരു പോലീസ് ഉദ്യോഗസ്ഥൻ സ്വബോധത്തോടെ ഒരിക്കലും ഒരു സാമാജികനോട് ഈ നിലയിൽ സംസാരിക്കുകയില്ലെന്നും ആയതിനാൽ ടിയാൻ മദ്യപിച്ചിരുന്നുവെന്ന് ന്യായമായും താൻ കരുതുന്നുവെന്നും അന്നുതന്നെ ബഹു. സ്പീക്കർക്ക് പരാതി നൽകിയെന്നും ബഹു. എം. എൽ. എ. അറിയിച്ചു. ജില്ലാ പോലീസ് മേധാവിയുമായി

സംസാരിച്ചപ്പോൾ ഒരാഴ്ചയ്ക്കകം പരിഹാരം ഉണ്ടാകുമെന്നും അതുകൊണ്ട് സമരമൊക്കെ അവസാനിപ്പിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചപ്പോൾ തങ്ങൾ അത് മുഖവിലക്കെടുത്ത് പിരിഞ്ഞുപോയി എന്നും ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. പറഞ്ഞു. എന്നാൽ എസ്.പി.യുടെ ഉറപ്പിന്മേൽ ഇതുവരെ യാതൊരു തീരുമാനവുമുണ്ടായില്ല. ബഹു. സ്പീക്കർക്ക് പരാതികൊടുത്ത് നാലര മാസം കഴിഞ്ഞപ്പോഴാണ് തനിക്ക് ആഭ്യന്തര വകുപ്പിന്റേതായ മറുപടി ലഭിക്കുന്നതെന്നും ഗ്രേഡ് എസ്.ഐ. മദ്യപിച്ചിരുന്നില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നതിന് ശാസ്ത്രീയ തെളിവുകൾ ഇല്ലെന്നും അതില്ലാതെ അദ്ദേഹം മദ്യപിച്ചിരുന്നില്ലെന്ന് പറയുന്നത് ശരിയല്ലെന്നും എം. എൽ. എ. സമിതിയെ അറിയിച്ചു. സി.പി.ഐ. പ്രവർത്തകർക്കെതിരെ കേസെടുത്തിട്ടുണ്ടെങ്കിൽ തനിക്കെതിരെയും കേസെടുക്കേണ്ടതാണെന്നും ഇതുപോലുള്ള കാര്യങ്ങൾക്ക് താൻ വിളിക്കാറില്ലെന്നും യാദൃശ്ചികമായി ഒരു സംഭവത്തിന് ദൃക്സാക്ഷിയായതുകൊണ്ടുമാത്രം വിളിച്ചപ്പോൾ ഒരു പോലീസ് സബ് ഇൻസ്പെക്ടർ തന്നോട് പെരുമാറിയ രീതി വളരെ വിഷമമുണ്ടാക്കിയെന്നും എം. എൽ. എ. സമിതിക്ക് മൊഴി നൽകി.

എം.എൽ.എ. സ്റ്റേഷനിൽ നേരിട്ട് പോകാനുള്ള സാഹചര്യമെന്താണെന്ന് ചെയർമാൻ അന്വേഷിച്ചപ്പോൾ "എം.എൽ.എ. ആണെങ്കിൽ കയ്യിൽ വച്ചാൽ മതി" എന്ന് പറഞ്ഞതുകൊണ്ടാണ് നേരിട്ട് പോകാൻ തീരുമാനിച്ചതെന്നും ഫോണിൽ സംസാരിച്ചപ്പോഴുള്ള അദ്ദേഹത്തിന്റെ പ്രതികരണമാണ് കാര്യങ്ങൾ വഷളാക്കിയതെന്നും ശ്രീ. എൽദോ എബ്രഹാം എം.എൽ.എ. അറിയിച്ചു. പ്രതികളെ കൂട്ടിക്കൊണ്ട് പോകുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണോ സ്റ്റേഷനിലേക്ക് പോയതെന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെയൊരു ഉദ്ദേശ്യമില്ലായിരുന്നുവെന്ന് അദ്ദേഹം മറുപടി നൽകി. ശ്രീ. പി. ടി. വർക്കി മദ്യപിച്ചിരുന്നുവെന്ന് കരുതാൻ കാരണമെന്തെന്ന് സമിതി ചോദിച്ചപ്പോൾ മദ്യപിക്കാത്ത ഒരാൾക്ക് ഇങ്ങനെ സംസാരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ലെന്നും പൊതുപ്രവർത്തകനെന്ന നിലയിൽ പതിനായിരക്കണക്കിന് ആളുകളുമായി ഇടപെടുന്നതുകൊണ്ട് മദ്യപിച്ച ഒരാളെ കാണുമ്പോഴും ഫോണിൽ സംസാരിക്കുമ്പോഴും വളരെ വ്യക്തമായി അറിയാൻ സാധിക്കുമെന്നും ടിയാൻ മദ്യപിച്ചിരുന്നതിന് തന്റെ പക്കൽ തെളിവുകളൊന്നുമില്ലെന്നും ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. മറുപടി നൽകി.

ശ്രീ. പി. ടി. വർക്കി മദ്യപിച്ചിരുന്നുവെന്ന് സ്ഥാപിക്കാനുള്ള ഒരു തെളിവും ലഭിച്ചിട്ടില്ലെന്നും വകുപ്പുതലത്തിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ രഹസ്യാന്വേഷണമുൾപ്പെടെ രണ്ടുതരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടെന്നുമാണ് ആഭ്യന്തര വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുള്ളത് എന്നതിനാൽ മനസ്സിലായിട്ടുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥരെയും വിളിച്ചുവരുത്തി തെളിവെടുക്കുന്നതിനെപ്പറ്റി ആലോചിക്കാനും അടുത്ത പടിയായി ആരോപണ വിധേയനായ ഗ്രേഡ് എസ്.ഐ.യിൽ നിന്ന് തെളിവെടുക്കാനും സമിതി തീരുമാനിച്ചു.

രാവിലെ 11.45-ന് യോഗം അവസാനിച്ചു.

അനുബന്ധം 8

## പതിനാലാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 10-12-2018-ലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2018 ഡിസംബർ 10-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ് കുമാർ എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ്, എം. എൽ. എ.
2. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വി. കെ. ബാബു പ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ശ്രീ. എൽദോ എബ്രഹാം നൽകിയ പരാതിയിന്മേൽ മൂവാറ്റുപുഴ ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കിയിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

1. മൂവാറ്റുപുഴ ഗ്രേഡ് എസ്.ഐ. ശ്രീ. പി. ടി. വർക്കിക്കെതിരെ ശ്രീ. എൽദോ എബ്രഹാം എം. എൽ. എ. നൽകിയ പരാതി സംബന്ധിച്ച്.

(ഫയൽ നമ്പർ 4833/ടേബിൾ-2/2018/നി.സെ.)

മൂവാറ്റുപുഴ ഗ്രേഡ് എസ്.ഐ. ആയിരുന്ന ശ്രീ. പി. ടി. വർക്കി സമിതി മുമ്പാകെ ഹാജരാകുകയും സത്യപ്രതിജ്ഞ ചെയ്ത് ഒപ്പുവയ്ക്കുകയും ചെയ്തു.

ശ്രീ. എൽദോ എബ്രഹാം എം. എൽ. എ.യോട് ശ്രീ. പി. ടി. വർക്കി അപമര്യാദയായി പെരുമാറിയെന്ന പരാതി, പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ബഹു. സ്പീക്കർ സമിതിക്ക് റഫർ ചെയ്തതിനെത്തുടർന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച് ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിക്കുകയും ശ്രീ. എൽദോ എബ്രഹാം എം. എൽ. എ.-യെ നേരിൽ കേൾക്കുകയും ചെയ്തുവെന്നും ആരോപണ വിധേയനായ വ്യക്തിയെക്കൂടി കേൾക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ തെളിവെടുപ്പ് യോഗമെന്നും ചെയർമാൻ ആമുഖമായി പറഞ്ഞു.

മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവർ പട്രോളിംഗ് നടത്തിവരവേ ശ്രീ. നൈനാൻ മുഹമ്മദ് എന്നയാളെ മദ്യപിച്ച് ആട്ടോറിക്ഷ ഓടിച്ചതിന് കസ്റ്റഡിയിലെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. 1-10-2017 ഉച്ചയ്ക്ക് ശേഷം 3.30-നും 4-നും ഇടയ്ക്ക് ഒരു കേസ് അന്വേഷണത്തിന്റെ ഭാഗമായി പോയിരുന്ന സമയത്ത് ബഹു. എം.എൽ.എ., ശ്രീ. എൽദോ എബ്രഹാം അന്നേദിവസം സ്റ്റേഷൻ ചാർജുണ്ടായിരുന്ന തന്നെ ഫോണിൽ വിളിച്ച് രണ്ട് പോലീസുകാർ തന്റെ ഒരു പാർട്ടി പ്രവർത്തകനെ മദ്യപിച്ച് വണ്ടി ഓടിച്ചതിന് പിടിച്ചിട്ടുണ്ടെന്നും അയാളെ വിട്ടയക്കണമെന്നും പറയുകയുണ്ടായി. അത് ഏത് പോലീസുകാരാണെന്ന് അന്വേഷിച്ച ശേഷം പറയാമെന്ന് താൻ പറഞ്ഞപ്പോൾ അന്വേഷിക്കുകയൊന്നും വേണ്ടായെന്നും അനുസരിച്ചാൽ മതി എന്നും പറഞ്ഞുവെന്നും താൻ മറുപടി ആവർത്തിച്ചപ്പോൾ ബഹു. എം.എൽ.എ. മോശമായ ഒരു പദപ്രയോഗം നടത്തിയെന്നും അപ്പോൾ താൻ ഫോൺ കട്ട് ചെയ്തുവെന്നും ശ്രീ. പി. ടി. വർക്കി സമിതി മുമ്പാകെ ബോധിപ്പിച്ചു. ബഹു. എം.എൽ.എ. വീണ്ടും വിളിച്ചപ്പോൾ ആദ്യമൊന്നും താൻ ഫോൺ എടുത്തില്ല എന്നും പിന്നീട് എടുത്തപ്പോൾ തന്നോട് മോശമായി സംസാരിച്ചതുകൊണ്ടാണ് എടുക്കാതിരുന്നതെന്ന് അറിയിച്ചുവെന്നും താൻ പറഞ്ഞത് കേൾക്കാൻ വയ്യേ എന്നുള്ള ബഹു.എം.എൽ.എ.യുടെ ചോദ്യത്തിന് അന്വേഷിച്ചിട്ട് പറയാമെന്ന് താൻ ആവർത്തിക്കുകയും ചെയ്തുവെന്നും ബഹു. എം.എൽ.എ. പറഞ്ഞ സംഭവം സംബന്ധിച്ച് അപ്പോൾ തനിക്ക് അറിവില്ല എന്നും തന്റെ പാർട്ടി പ്രവർത്തകനെ പെട്ടെന്ന് വിടാൻ പറഞ്ഞപ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞതിനുള്ള പിണക്കമാവാം കാരണമെന്നും അതല്ലാതെ താൻ അപമര്യാദയായി ഒന്നും പറഞ്ഞിട്ടില്ല എന്നും ടിയാൻ ബോധിപ്പിച്ചു. എം.എൽ.എ. താങ്കളോട് മോശമായി സംസാരിച്ചെന്നതിന് പരാതിപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് മേലുദ്യോഗസ്ഥരോട് ഫോണിൽ പറഞ്ഞതല്ലാതെ രേഖാമൂലം പരാതിപ്പെട്ടിട്ടില്ലെന്ന് ശ്രീ. പി. ടി. വർക്കി മറുപടി നൽകി.

എം.എൽ.എ. തുടർച്ചയായി ഫോൺ വിളിച്ചിട്ടും എടുക്കാതിരിക്കുകയും ഡ്രൈവറുടെ ഫോണിൽ നിന്നും വിളിച്ചപ്പോൾ "എം. എൽ. എ. ആണെങ്കിൽ കൈയിൽ വച്ചാൽ മതി" എന്ന് എം.എൽ.എ.യോട് പറഞ്ഞു എന്നതും ശരിയാണോ എന്ന് സമിതി ആരാഞ്ഞു. താൻ അങ്ങനെ പറഞ്ഞിട്ടില്ലെന്നും ഒരു ജനപ്രതിനിധി യോടും ഇതുവരെ താൻ മോശമായി പെരുമാറിയിട്ടില്ലെന്നും ശ്രീ. പി. ടി. വർക്കി അറിയിച്ചു.

എം. എൽ. എ. ഫോണിൽ വിളിച്ചിട്ട് എടുക്കാതിരിക്കുകയും അദ്ദേഹം പറഞ്ഞകാര്യം ചെയ്യാതിരിക്കുകയും ചെയ്ത സ്ഥിതിക്ക് എം. എൽ. എ. സ്റ്റേഷനിലേക്ക് ചെന്നപ്പോൾ സ്റ്റേഷൻ ചുമതലയുള്ള താങ്കൾ അവിടെ ഉണ്ടാകേണ്ടിയിരുന്നുവെന്നും മാറിനിന്നത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു. എം. എൽ. എ.യുടെ നേതൃത്വത്തിൽ കുറച്ച് ആളുകൾ പോലീസ് സ്റ്റേഷനിൽ വന്നിട്ടുണ്ടെന്നും താൻ സ്റ്റേഷനിൽ ചെന്നാൽ പ്രശ്നമാകുമെന്നും ആയതിനാൽ സ്റ്റേഷനിൽ വരാതെ ക്വാർട്ടേഴ്സിൽ പോയി ഇരിക്കാൻ മേലുദ്യോഗസ്ഥനായ സർക്കിൾ ഇൻസ്പെക്ടർ നിർദ്ദേശിച്ചതനുസരിച്ചാണ് മാറിനിന്നതെന്നും ശ്രീ. പി. ടി. വർക്കി ബോധിപ്പിച്ചു. എം. എൽ. എ. സഹപ്രവർത്തകരോടൊപ്പം സ്റ്റേഷനിൽ വന്നപ്പോൾ ടിയാൻ അവിടെനിന്ന് മാറിനിന്നതും എം. എൽ. എ.യോട് അപമര്യാദയായി സംസാരിക്കാനിടയായതും മദ്യപിച്ചിരുന്നതുകൊണ്ടാണ് എന്നുള്ള ആക്ഷേപത്തിൽ വസ്തുതയുണ്ടോ എന്ന് സമിതി ആരാഞ്ഞു. ആയതിൽ ഒരു വസ്തുതയും ഇല്ലെന്നും ഡ്യൂട്ടിയിലുള്ള സമയത്ത് താൻ മദ്യപിക്കാറില്ലെന്നും ശ്രീ. പി. ടി. വർക്കി ബോധിപ്പിച്ചു.

എം.എൽ.എ. സ്റ്റേഷനിൽ വന്ന സമയവും ഡ്യൂട്ടിയിൽ നിന്ന് മാറി നിന്ന കാര്യവും ജി. ഡി. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് സി. ഐ. ഫോണിലൂടെ പറഞ്ഞതനുസരിച്ചാണ് താൻ മാറിനിന്നതെന്നും ചാർജ് കൈമാറിയിട്ടില്ലെന്നും ശ്രീ. പി. ടി. വർക്കി മൊഴി നൽകി. എം. എൽ. എ. ആളുകളെ കൂട്ടി വന്ന് പോലീസ് സ്റ്റേഷനിൽ സംഘർഷാവസ്ഥ സൃഷ്ടിച്ചുവെന്നും പറഞ്ഞ് എം.എൽ.എ.യുടെ കൂടെനിന്നവർക്കെതിരെ കേസെടുത്തെങ്കിലും എം.എൽ.എ.യുടെ പേരിൽ കേസെടുക്കാതിരുന്നതെന്തുകൊണ്ടാണെന്ന് സമിതി അന്വേഷിച്ചു. കേസെടുത്തത് താനല്ലെന്നും സി.ഐ.യാണ് കേസെടുത്തതെന്നും ടിയാൻ മറുപടി നൽകി. മദ്യപിച്ച് വാഹനമോടിച്ചതിന് കസ്റ്റഡിയിലെടുത്തയാളിനെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയോ എന്ന് അറിയില്ലെന്നും ടിയാൻ സമിതി മുമ്പാകെ അറിയിച്ചു. സ്റ്റേഷൻ ചാർജുണ്ടായിരുന്ന എസ്.ഐ., വൈദ്യപരിശോധന നടത്തിയിട്ടാണോ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന കാര്യം അറിയില്ലെന്ന് പറയുന്നത് നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. തനിക്കെതിരെയുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതി മുമ്പാകെ ഹാജരാകുമ്പോൾ അതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കി വരേണ്ടതാണെന്ന പ്രാഥമിക മര്യാദപോലും ശ്രീ. പി. ടി. വർക്കി പാലിച്ചിട്ടില്ലായെന്ന് സമിതി നിരീക്ഷിച്ചു. മദ്യപിച്ച് വാഹനമോടിച്ചതിന് പിടിയിലായ ഒരാളെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കാതെ ഒരു മദ്യപാനിയുടെ പ്രശ്നത്തിൽ എം. എൽ. എ. ഇടപെട്ടു എന്ന തരത്തിൽ പോലീസ് റിപ്പോർട്ട് നൽകുകയാണുണ്ടായതെന്നും ഇത് എം. എൽ. എ.-യെ മോശക്കാരനായി ചിത്രീകരിക്കുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു. എം. എൽ. എ.യോട് മോശമായി സംസാരിച്ചത്

തനിക്കെതിരെ പരാതിയായിവരുമെന്ന് ഭയന്നാണ് തെറ്റായ റിപ്പോർട്ട് സൃഷ്ടിച്ചതെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത സന്ദർഭത്തിൽ താൻ എം. എൽ. എ.-യെ ഒരിക്കലും നിസ്സാരവൽക്കരിച്ചിട്ടില്ലെന്നും ഒരു പഞ്ചായത്ത് മെമ്പറോടുപോലും അപമര്യാദയായി പെരുമാറിയിട്ടില്ലായെന്നും ഇതു വളരെയധികം നിർഭാഗ്യകരമായ സംഭവമാണെന്നും ആയതിനാൽ താൻ നിർവ്യാജം ക്ഷമ ചോദിക്കുന്നുവെന്നും ശ്രീ. പി. ടി. വർക്കി സമിതിയെ ബോധിപ്പിച്ചു.

ശ്രീ. പി. ടി. വർക്കി യോഗം നടന്ന ഹാൾ വിട്ട് പുറത്തുപോയശേഷം അദ്ദേഹം നൽകിയ മൊഴി സമിതി വിശകലനം ചെയ്തു. ശ്രീ. പി. ടി. വർക്കിയുടെ ക്ഷമാപണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൽദോ എബ്രഹാം എം. എൽ. എ.യുടെ പരാതിയിന്മേൽ തുടർനടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 3.55-ന് യോഗം അവസാനിച്ചു.